ശ്രീമതി ദേവകിഗോപിദാസ്: ഇങ്ങനെ പിരിച്ചുവിട്ടവരെ വേറെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കണ്ണൂരാമൻ: എത്രാനുംപേരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തെപ്പറ്റി ആലോചിക്കുവാനും അവരെ നിയമിക്കുവാനും പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പിരിച്ചുവിടപ്പെട്ടവരിൽ ഹരിജനങ്ങൾ എത്രയുണ്ട്?

ശ്രീ. എൻ. കണ്ണൂരാമൻ: അറിയാൻ പാടില്ല.

എക്സൈസ് ഡിപ്പാർട്ട്മെന്റ്

*൭൫൪. (൨൩) ശ്രീമതി ദേവകിഗോപിദാസ്. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ ഈ ഗവൺമെന്റിന്റെ കീഴിലാണോ, അതോ സെൻട്രൽ ഗവൺമെന്റിന്റെ കീഴിലോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിലാണ്.

എക്സൈസ് ഡിപ്പാർട്ട്മെന്റിലെ വരവ്

*൭൫൫. (൨൪) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ —

(എ) ൧൯൫൫-ലെ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ വരവ് എത്ര;

(ബി) അതിൽ എത്ര ശതമാനം തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിനു കിട്ടും?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ കണ്ണൂരാമൻ):

(എ) ൨,൭൫,൦൦,൧൭൫ രൂപാ.

(ബി) ൧൯൫൫-ലെ തുക മുഴുവൻ തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിന്റെ വകയാണ്.

ശ്രീമതി ദേവകി ഗോപിദാസ്: ഇക്കൊല്ലത്തെ തുക മുഴുവനും ഈ ഗവൺമെന്റിനുള്ളതാണോ?

ശ്രീ. എൻ. കണ്ണൂരാമൻ: അതിൽ കൂടുതൽ ഇനങ്ങളിലുള്ള തുകയും തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിനുള്ളതുതന്നെയാണ്. അവിൻ, ഗഞ്ചാ, ചാരായം, കള്ള് മുതലായവ ലേലംചെയ്തു കിട്ടുന്ന തുക മുഴുവൻ ഈ ഗവൺമെന്റിനുള്ളതാണ്.

STATE TRANSPORT

*756. [25] **Sri. N. V. Chacko:** Will the Hon'ble Minister for Public Works be pleased to state:—

(*a*) the amount of net profit to the Government from the State Transport for 1124 and 1125;

LIBRARY ARCHIVES Kerala Legislative Assembly